**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2288 — 12.03.2020 ലെ മറുപടിയ്ക്ക്.

## 'പഠനമുറി' പദ്ധതി

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | എസ്.സി. വിഭാഗത്തിലെ സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കി വരുന്ന 'പഠനമുറി' പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഗവ/എയ്ഡഡ്/ടെക്നിക്കൽ/ സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 120 ച.അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് വകുപ്പ് മുഖേന 2 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ടി പദ്ധതി പ്രകാരം 2017-18 ലർഷം 6623 പഠനമുറികൾ അനുവദിച്ചതിൽ 5725 പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷം അനുവദിച്ച 4977 പഠനമുറികളിൽ 3246 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയതിൽ നിലവിൽ 4833 പഠനമുറികളുടെ നിർമ്മാണം ആരംഭിക്കുകയും 403 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പഠനമുറി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പഠനമുറി പദ്ധതി പ്രകാരം അനുവദിച്ച പഠനമുറികളുടെ പൂർത്തീകരണത്തിനായി ആവശ്യമായ നിർദ്ദേശങ്ങൾ അവലോകന യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും പട്ടികജാതി വികസന ഓഫീസർമാർക്കും നൽകുന്നുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (സി) | പഠനമുറി നിർമ്മാണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പഠനമുറി പദ്ധതിയുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതി പുരോഗതി കൃത്യമായി അവലോകനം ചെയ്യുകയും ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെയും പട്ടികജാതി വികകസന ഓഫീസർമാരുടെയും അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ